ഏറ്റവും കൂടുതൽ മണിക്കൂറുകളോളം വാഹനങ്ങൾ കാത്തു കിടക്കേണ്ട രണ്ടു സ്ഥലങ്ങളാണ് ഇവ. അതിൽ കൊച്ചിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ബൈപാസ്സിനോട് അനുബന്ധിച്ച് ലിങ്ക് റോഡിന്റെ പണി ആരംഭിക്കുകയും അ ലിങ്ക് റോഡിനു തേവര പാലത്തിനു സമാന്തരമായി പുതിയ പാലം പണിയുന്നതിനുള്ള നടപടികളും ആരംഭിച്ചതിൽ വളരെയധികം സന്തോഷിക്കുകയാണ്. ആ പ്രശ്നംകൊണ്ടുമാത്രം ആ പട്ടണത്തിലെ ഗതാഗതത്തിനുള്ള പ്രയാസങ്ങളും 50 ശതമാനം വരെ പരിഹരിക്കുമെങ്കിലും തോപ്പുംപടി പാലത്തിനുകൂടി സമാന്തരമായി ഒരു പാലം പണിതാൽ മാത്രമേ ആ തുറമുഖ പട്ടണത്തെ ഈ പ്രശ്നങ്ങളിൽ നിന്നും ഒഴിവാക്കാൻ സാധിക്കുകയുള്ളു. ഞാൻ മറ്റു പ്രശ്നങ്ങളിലേക്കൊന്നും കടക്കുന്നില്ല. എങ്കിലും കേരളത്തിന്റെ തലസ്ഥാനമാകേണ്ടിയിരുന്ന ഒരു പട്ടണമെന്ന നിലയിൽ, ഇനി ആകാൻ സാദ്ധ്യതയുള്ള ഒരു പട്ടണമെന്ന നിലയിൽ, ഈ കാര്യം വളരെ ഗൗരവത്തിൽ എടുക്കണമെന്ന് ഞാൻ സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ഡെപ്യൂട്ടി സ്പീക്കർ ഇവിടെ ഉന്നയിച്ച കാര്യം ഇതിനുമുമ്പ് ഒന്നു രണ്ടു ദിവസം ഉന്നയിക്കാൻവെച്ചിരുന്നതാണ്. ആദ്യം ഒരു ദിവസം വെച്ചു. അപ്പോഴും റെയ്സ് ചെയ്തില്ല. പിന്നെ മറ്റൊരു ദിവസം വെച്ചു. അന്നും റെയ്സ് ചെയ്തില്ല. അന്നെല്ലാം ഞാൻ പ്രിപ്പയറായി വന്നിരുന്നു. ഇന്ന് റെയ്സ് ചെയ്തപ്പോഴും ഞാൻ തയ്യാറായിട്ടുമില്ല. അതുകൊണ്ട് 26–ാം തീയതി മറുപടി പറയുന്നതാണ്.

ശ്രീ. കെ.എം. ഹംസക്കുഞ്ഞ്: കഴിഞ്ഞ ദിവസം തയ്യാറായി വന്നതാണെങ്കിൽ ഇതിനു മറുപടി പറയാതെ 26–ാം തീയതി വയ്ക്കേണ്ട കാര്യമില്ല. ഏറ്റവും പ്രാധാന്യമർഹിക്കുന്ന, കൊച്ചിയെ സംബന്ധിച്ചിടത്തോളം ആ പാലത്തിന് എന്തെങ്കിലും തകരാറ് സംഭവിച്ചാൽ ആ തുറമുഖപട്ടണവുമായുള്ള ബന്ധം തീർന്നു പോകുന്ന കാര്യമാണ്. അതുകൊണ്ട് ഇത് വളരെ ഗൗരവത്തിലെടുക്കണം.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഗൗരവമായതുകൊണ്ടാണ് ഫയലില്ലാതെ മറുപടി പറയാത്തത്. ചെറിയ കാര്യമാണെങ്കിൽ ഫയലൊന്നും വേണ്ട. ഇതിനെ സംബന്ധിച്ച ഫയലുണ്ട്, രണ്ടു ദിവസം ഞാൻ ഫയലുമായി വന്നിരുന്നു.

IV. അരമണിക്കൂർ ചർച്ച റൂൾ (49)

സ്കൂൾ—ആരാധനാലയങ്ങൾക്കു സമീപം മദ്യഷാപ്പുകൾ നടത്തുന്നതു തടയണമെന്ന ആവശ്യം

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. റൂൾ 49 അനുസരിച്ച്, when a notice is given under Rule 49, the mover should specify the point or points which he wants to specify ഇതാണ് ചട്ടം. ഇന്നലെ രാത്രി 9 മണിക്കാണ് എനിക്ക് നോട്ടീസ് കിട്ടുന്നത്. അതിൽ പറഞ്ഞിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഇത്രയുമാണ്; Notice given by Shri K.C. Joseph to raise a discussion on a matter of public importance arising out of the answer to Starred Question No. 135 dated 11th September, 1985. രാത്രി 9 മണിക്കു ശേഷം ലൈബ്രറിയിൽ വന്ന് ചോദ്യോത്തരം നോക്കിപ്പിടിക്കാൻ സ്വാഭാവികമായും ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ദയവായി നോട്ടീസിൽ തന്നെ മെമ്പർ റെയ്സ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന പോയിന്റോ പോയിന്റുകളോ സ്പെസിഫൈ ചെയ്തിരുന്നാൽ അംഗങ്ങൾക്ക് അത് വളരെ സഹായകമായിരിക്കും. നമ്പർ മാത്രം കൊണ്ട് ഞങ്ങളെപ്പോലെയുള്ള അംഗങ്ങൾ വലഞ്ഞു പോവുകയേയുള്ളൂ.

ശ്രീ. കെ.സി. ജോസഫ്: സർ, കഴിഞ്ഞദിവസം നിയമസഭയിൽ ബഹുമാനപ്പെട്ട എക്സൈസ്വകുപ്പു മന്ത്രി ആരാധനാലയങ്ങൾക്കും സ്കൂളുകൾക്കും നാനൂറ് മീറ്റർ ചുറ്റളവിനുള്ളിൽ ബാർ അറ്റാച്ച്ഡ് ഹോട്ടലുകളും വിദേശമദ്യഷാപ്പുകളും നടത്തുന്നത് തടയാൻ ഇന്ന് നിയമം അനുവദിക്കുന്നില്ലെന്നും അതിലേക്കായി നിയമത്തിൽ മാറ്റം വരുത്തുമെന്നും പ്രഖ്യാപിക്കുകയുണ്ടായി. കേരളത്തിൽ സമൂഹ മനസ്സാക്ഷിയെ ലംഘിച്ചുകൊണ്ട് വ്യാജമദ്യഷാപ്പുകളും ബാർ അറ്റാച്ച്ഡ് ഹോട്ടലുകളും ഇന്ന് എല്ലാ മുക്കിലും മൂലയിലും പടർന്നുപിടിച്ചിട്ടുള്ള പ്രതിഭാസമാണ് കാണുന്നത്. ഇന്ന് ഗവൺമെന്റിന്റെ അനുവാദമില്ലാതെ നടത്തുന്ന ഷോപ്പുകൾക്ക് പുറമെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ദേവാലയങ്ങളുടേയും വിദ്യാലയങ്ങളുടേയും നാനൂറ് മീറ്ററിനുള്ളിൽ ചാരായഷാപ്പുകളും മദ്യഷാപ്പുകളും നടത്താൻ എക്സൈസ് കമ്മീഷണർമാർ പ്രത്യേകമായി പെർമിറ്റ് കൊടുക്കുന്നുണ്ട്. അത് തടയാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. ഇന്ന് നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം മദ്യനിരോധനത്തെക്കുറിച്ച് നിരന്തരമായ ആവശ്യം എല്ലാ വേദികളിലും ഉണ്ടാകുന്നുണ്ട്. മദ്യനിരോധനം നടപ്പാക്കാൻ തയ്യാറാകുന്നില്ലെന്ന് മാത്രമല്ല ഇന്ന് മദ്യം സാർവ്വത്രികമാക്കുന്നതിനും വ്യാപകമാക്കുന്നതിനും ഉള്ള സംവിധാനമാണ് ഗവൺമെന്റ് നയംമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇന്ന് കേരളത്തിലെ യുവതലമുറയെ ബാധിക്കുന്ന അപകടകരമായ ഒരു വിപത്തായി മദ്യപാനാസക്തി മാറാൻപോവുകയാണ്. മനുഷ്യമനസ്സാക്ഷിയെ ഞെട്ടിച്ച രണ്ട് ദുരന്തസംഭവം പുനലൂരും വൈപ്പിൻകരയിലും ഉണ്ടായത് കേരളത്തിലാണ്. ആ സംഭവം ഉണ്ടായതിന്റെ ഞെടുക്കത്തിൽനിന്ന് കേരളം മോചിതമായിട്ടില്ലെങ്കിലും ആ സംഭവത്തിന്റെ അനുഭവം മനസ്സിലാക്കിക്കൊണ്ട് വ്യാജമദ്യത്തിന്റെ വിതരണം തടയാനും മദ്യം സാർവ്വത്രികമായി വിതരണംചെയ്യുന്ന സംവിധാനം അവസാനിപ്പിക്കാനുമുള്ള ബാദ്ധ്യതയിൽനിന്നും ഈ ഗവൺമെന്റ് ഒഴിഞ്ഞുമാറുകയാണ്. ഈ നയം ശരിയല്ല. ഇന്ന് കേരളത്തിന്റെ എല്ലാ പ്രദേശങ്ങളിലും പുതിയ പരിഷ്കാരമെന്നുള്ള നിലയ്ക്ക് വിദ്യാലയങ്ങളുടേയും ദേവാലയങ്ങളുടേയും വാതുക്കൽ പോലും ബാർ അറ്റാച്ച്ഡ് ഹോട്ടൽ നടത്തുന്നുണ്ട്. മൂവാറ്റുപുഴയിലും കേരളത്തിന്റെ പല ഭാഗങ്ങളിലും കഴിഞ്ഞ ഒരുമാസമായി സമരമാണ്. ദേവാലയങ്ങളുടെ മുമ്പിൽ ബാർ അറ്റാച്ച്ഡ് ഹോട്ടൽ നടത്തുന്നത് തടയാൻ നിയമമില്ല. നിയമം ഉണ്ടാക്കുന്നുവെന്ന് പറയുന്നു. ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെ തീറ്റിപ്പോറ്റുന്നത് ഇവിടത്തെ മദ്യരാജാക്കൻമാരാണ്. എക്സൈസ് ഉദ്യോഗസ്ഥൻമാരുടെ ലോയൽറ്റി, അവർക്ക് ഡ്യൂവൽ ലോയൽറ്റിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്വന്തം ഭാര്യയ്ക്കു് അന്യന്റെ ചെലവിനു് കൊടുക്കുന്നതുപോലെയാണു്. ഗവൺമെന്റു് നിയമിച്ച ഉദ്യോഗസ്ഥൻമാർക്കു് ശമ്പളം കൊടുക്കുന്നതു് മദ്യരാജാക്കൻമാരാണു്. അവർക്കു് ശമ്പളവും ബോണസ്സും എല്ലാ ആനുകൂല്യങ്ങളും പടിപടിയായി കൃത്യമായി നൽകുകയാണു്. ഗവൺമെന്റു് ഉദ്യോഗസ്ഥൻമാരുടെ പേരാസ്റ്റോഴ്സായി മദ്യരാജാക്കൻമാർ മാറിയിരിക്കുകയാണു്. ഈ അവസ്ഥ മാറണം. വ്യാപകമായി കേരളത്തിലെ ചെറുപ്പക്കാരെ അപകടപ്പെടുത്തുന്ന ഒരു വിപത്തായി മാറിയിട്ടുള്ള ഈ പ്രവണത നിരുൽസാഹപ്പെടുത്തണം. കേരളത്തിലെ എല്ലാ മുക്കിലും മൂലയിലും സെക്രട്ടറിയറ്റിനു് മുമ്പിലുള്ള മാടക്കടയിൽപോലും വ്യാജമദ്യം ലഭ്യമാണു്. അംഗീകാരമില്ലാത്ത ധാരാളം ഷാപ്പുകളും ഉപഷാപ്പുകളായി പ്രവർത്തിക്കുകയാണു്. ഇതെല്ലാം ഗവൺമെന്റു് കണക്കിലെടുക്കണം. ഇന്നു് അംഗീകാരമില്ലാത്ത ഉപഷാപ്പുകളിൽ നിന്നും മാടക്കടയിൽനിന്നും നൽകുന്ന മയക്കുമരുന്നുകളും അതുപോലുള്ള വ്യാജമദ്യവും തടഞ്ഞില്ലെങ്കിൽ അപകടമുണ്ടാകും. വിദ്യാലയങ്ങളുടെ വാതുക്കൽ ഐസ്ക്രീം വിൽപ്പനക്കാരന്റെ തണലിൽ വ്യാജമദ്യവും മയക്കുമരുന്നും വിൽക്കുന്നുണ്ടു്. ഇതു് കേരളത്തിലെ ഭാവിതലമുറയെ മുഴുവൻ അപകടത്തിലേക്കു് നയിക്കുന്നതാണു്. മദ്യനിരോധന നിയമത്തിൽ വരുത്തുന്ന അയവുകളുംമൂലം കേരളത്തിലെ ജനങ്ങളെ മുഴുവൻ അപകടത്തിലാക്കുകയാണു്. ഈ പ്രശ്നം ഗവൺമെന്റു് ഗൗരവമായി കാണാനും അപകടം നിയന്ത്രിക്കാനും തയ്യാറാകുന്നില്ലെങ്കിൽ അപകടത്തിലാകുന്നതു് കേരളത്തിലെ യുവതലമുറയാണെന്നു് പറയാനാഗ്രഹിക്കുകയാണു്.

എക്സൈസു് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ): സർ, മദ്യാസക്തി ഭാവിതലമുറയിലും യുവതലമുറയിലും മുതിർന്നവരിലും കുറയ്ക്കുന്നതിനു് ഗവൺമെന്റിനു് കഴിവുള്ളതെല്ലാം ചെയ്യും. അതിനു് എന്തു് മാർഗ്ഗമാണു് സ്വീകരിക്കേണ്ടതെന്നുള്ളതിനെക്കുറിച്ചു് ആലോചിച്ചു നടപടി സ്വീകരിക്കും. മദ്യഷാപ്പുകളുടെ ദൂരത്തിന്റെ നിയന്ത്രണം വകവയ്ക്കാതെ പല സ്ഥലങ്ങളിലുമുണ്ടെന്ന സംഗതി ശരിയാണു്. അതു് തടയാൻ, നീക്കംചെയ്യാൻ എൻഫോഴ്സ്മെന്റു് വർക്കു് എക്സൈസു് ഡിപ്പാർട്ടുമെന്റു് നടത്തുന്നുണ്ടു്. പരിപൂർണ്ണമായും വിജയിച്ചില്ലെന്നു് സമ്മതിക്കാം. പ്രത്യേക കഴിവുള്ളതു് ചെയ്യുന്നുണ്ടു്. വിദേശമദ്യ ഷോപ്പുകളും ബാർ അറ്റാച്ച്ഡ് ഹോട്ടലുകളും ഇവയ്ക്കു് ദൂരനിയന്ത്രണം ഇതുവരെ ഇല്ലായിരുന്നു. കഴിഞ്ഞ അസംബ്ലിയിൽ ഉന്നയിച്ച അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കേരളഗവൺമെന്റു് അതിനുകൂടി നിയന്ത്രണം കൽപ്പിക്കാൻ തീരുമാനിച്ചു. അതിനുള്ള ഭേദഗതികളും തയ്യാറാക്കി ലാ ഡിപ്പാർട്ടുമെന്റിനു് അയച്ചു. അതു് തിരിച്ചുവന്നിട്ടുണ്ടു്. സബ്ജക്ടു് കമ്മിറ്റിയിൽ വയ്ക്കേണ്ടിയിരിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: നിയമത്തിൽ ഭേദഗതി വരുത്തി ഡെത്തു് പെനാൽറ്റി വരെയായിട്ടും ഇന്നും മദ്യത്തിൽ മായംകലർത്തുന്ന സ്ഥിതിവിശേഷമുണ്ടു്. പല സംഘങ്ങളും ഈ അടുത്ത കാലത്തു് നമ്മുടെ ശ്രദ്ധയിൽവന്നിട്ടുണ്ടു്. അതുകൊണ്ടു് കേന്ദ്ര ഗവൺമെന്റു് ഒരു അന്വേഷണകമ്മീഷനെവച്ചു. അന്വേഷണകമ്മീഷന്റെ പ്രവർത്തനം ഇപ്പോഴും ഇല്ലാതാക്കി. ഭാവിയിലെങ്കിലും ഇതു് ആവർത്തിക്കാതിരിക്കാൻവേണ്ടി കർശനമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമെന്നുള്ള നിലയിൽ ഫ്ളയിങ്ങു് സ്ക്വാഡു്

LIBRARY ARCHIVES Kerala Legislative Assembly

മുതലായവ ഉപയോഗിച്ച് കർശനമായ നടപടിയെടുക്കാനുള്ള എന്ത് സംവിധാനം ആണ് ഗവൺമെന്റ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്? അതിനുള്ള നടപടി ഏത്രത്തോളമായെന്ന് പറയാമോ?

ശ്രീ. എൻ. ശ്രീനിവാസൻ: എക്സൈസ് ആക്ടിന്റെ വകുപ്പു കാംക്കു വിപരീതമായി കുറ്റങ്ങളം ചെയ്യുന്നവർക്ക് ശിക്ഷ വർദ്ധിപ്പിക്കാൻ ഗവൺമെന്റ് നടപടിയെടുത്തിട്ടുണ്ട്. മരണത്തിന് കാരണമായ വിഷമദ്യം വിറ്റാൽ അതുമൂലം മരണം സംഭവിച്ചാൽ ആ മദ്യം വിറ്റവനു വധശിക്ഷ നൽകുന്നതിനു നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. മിനിമം പണിഷ്മെന്റ്, ഇംപ്രിസൺമെന്റ് ആക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. എം.എം. ഹസ്സൻ: വിദ്യാലയങ്ങളുടെയും ആരാധനാലയങ്ങളുടേയും അടുത്ത് മദ്യഷാപ്പുകൾ അനുവദിക്കുന്ന പ്രശ്നം മാത്രമല്ല വിദ്യാലയങ്ങൾക്കുള്ളിൽ ലഹരിപദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നുണ്ട്. കഞ്ചാവും എൽ.എസ്.ഡി.യും അതുപോലുള്ള സാധനങ്ങളും വിൽപ്പനനടത്തി മോവി തലമുറയെ ആകെ തകർക്കുന്നു. പാരലൽ കോളേജുകൾ വളർന്നുവന്നിട്ടുള്ള സാഹചര്യത്തിൽ അതിന്റെ സമീപത്ത് ഇതുപോലുള്ള ലഹരിപദാർത്ഥങ്ങൾ വിൽക്കുന്നതിനും ബാർഅറ്റാച്ച്ഡ് ഹോട്ടലുകൾക്കും പെർമിറ്റ് കൊടുക്കുന്നതു കൊണ്ട് നമ്മുടെ തലമുറയാകെ തകർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കഞ്ചാവ് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ കോളേജ് വളപ്പിനുള്ളിൽ കോളേജിന് സമീപത്തുള്ള പെട്ടിക്കടകളിൽ വിൽപ്പന നടത്തുന്നത് കർശനമായി തടയാൻ എക്സൈസ് വകുപ്പുമന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. ശ്രീനിവാസൻ: ഇപ്പോഴത് നിരോധിച്ചിട്ടുള്ള കാര്യമാണ്. നിയമം ലംഘിക്കുന്നവരെ കണ്ടുപിടിച്ചു ശിക്ഷിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

ശ്രീ. കെ.പി. പ്രഭാകരൻ: പത്തുവർഷത്തിനകം ഈ സംസ്ഥാനത്ത് മദ്യനിരോധനം നടപ്പാക്കണമെന്നും അടിയന്തിരമായും ഉപഷാപ്പുകളും പുതിയ ബാർലൈസൻസും അനുവദിക്കുന്നത് തടയുകയും ചെയ്യണമെന്ന് കൈകൃജനാധിപത്യ മുന്നണിയുടെ സബ് കമ്മിറ്റിയിൽ നിർദ്ദേശിച്ചതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. എൻ. ശ്രീനിവാസൻ: അതിന്റെ നാനാവശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യാൻ പുതിയ കമ്മിറ്റിയെ നിയമിച്ചിരിക്കുകയാണ്.

ശ്രീ. ടി. എസ്. ജോൺ: എവിടെ തിരിഞ്ഞ് നോക്കിയാലും അവിടെല്ലാം ഇപ്പോൾ ഷാപ്പുകൾ മാത്രമായിട്ടുണ്ട്. എല്ലാ മാടക്കടയിലും ചാരായം കിട്ടും. ആരെങ്കിലും പ്രതിഷേധിക്കുന്നുണ്ടെങ്കിൽ ഉടനെ സ്പെഷ്യൽപെർമിറ്റ് കൊടുക്കും. ഈ സ്പെഷ്യൽ പെർമിറ്റ് എർപ്പാട് അവസാനിപ്പിക്കുമോ? അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. ശ്രീനിവാസൻ: പ്രത്യേക സാഹചര്യത്തിൽ ദൂരത്തിന്റെ നിയന്ത്രണം വകുപ്പയ്ക്കാതെതന്നെ ഷാപ്പുകൾ നടത്താനി സ്പെഷ്യൽ പെർമിറ്റ് കൊടുക്കേണ്ടിവരും. പരിപൂർണ്ണമായും നിരോധിക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു അത്യാവശ്യസന്ദർഭത്തിൽ സ്പെഷ്യൽപെർമിറ്റ് കൊടുക്കുമെന്ന്. അത്യാവശ്യ സന്ദർഭം ഏതാണ്? അത്യാവശ്യസന്ദർഭം എന്നുള്ളതിന് ഡെഫനിഷൻ നൽകുമോ?

ശ്രീ. എൻ. ശ്രീനിവാസൻ: അത്യാവശ്യസന്ദർഭമെന്നല്ല പറഞ്ഞത് പ്രത്യേക സാഹചര്യമെന്നാണ് പറഞ്ഞത്.

ശ്രീ. എസ്. രാമചന്ദ്രൻപിള്ള: മദ്യപാനികൾ ആരാധനാലയങ്ങളുടെ അടുത്തോ സ്കൂളുകളുടെ അടുത്തോ ഉള്ള ചാരായഷാപ്പിൽപോയാൽ പൊടിയുണ്ടോയെന്ന് ചോദിക്കും. മുക്കു പൊടിയല്ല. ചാരായം പൊടികുപ്പിയിൽ കിട്ടും, അതുപോലെ വലിയ സോഡ എന്ന് പറയും. മുറുക്കാൻകട ചാരായഷാപ്പായി മാറിയിരിക്കുകയാണ്. അത്, നിർത്തലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. ശ്രീനിവാസൻ: ഇങ്ങനെയൊക്കെ നടക്കുന്നുണ്ടായിരിക്കാം. അത് തടയാൻ വേണ്ടത് ചെയ്യുന്നുണ്ട്.

ശ്രീ. വി.കെ. രാജൻ: സർ, ഇവിടെ 400 മീറ്ററിനു പുറത്തേ ബാർ അനുവദിക്കുകയുള്ളൂ എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇപ്പോഴത്തെ അതിന് ചില ഭേദഗതികൾ കൊണ്ടുവന്നു 10 a.m. എന്നും പറഞ്ഞു. എന്നാൽ കൊടുങ്ങല്ലൂരിൽ 152 മീറ്ററിനുള്ളിൽ ബാർ അനുവദിക്കാനുള്ള ചില നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനെതിരായി ശക്തമായ പ്രതിഷേധം ഉയർന്നുവന്നിട്ടുണ്ട്. ആ പശ്ചാത്തലത്തിൽ അത് അനുവദിക്കാതിരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. ശ്രീനിവാസൻ: കൊടുങ്ങല്ലൂരിൽ ഒരു ബാർ അറാച്ച്ഡ് ഹോട്ടലിനുവേണ്ടി അപേക്ഷ വന്നിട്ടുണ്ടെന്നാണ് അറിയുന്നത്. അമ്പലവുമായിട്ടുള്ള ഡിസ്റ്റൻസ് നോക്കി മാത്രമേ അതിന് ലൈസൻസ് അനുവദിക്കുകയുള്ളൂ.

ശ്രീ. വി.ജെ. തങ്കപ്പൻ: മുമ്പൊരവസരത്തിൽ ബാർ ലൈസൻസ് സ്കൂളുകളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ചർച്ചിന്റെയും മോസ്കിന്റെയും ഒക്കെ അടുത്ത് കൊടുക്കുന്നതിനെ സംബന്ധിച്ച് ഈ സഭാതലത്തിലുള്ള എല്ലാ പൊളിറ്റിക്കൽ പാർട്ടികളിലെയും നേതാക്കൻമാർ അതിരൂക്ഷമായി വിമർശിച്ചു. ഇപ്പോഴത്തെ രേണുകക്ഷിയിലെ എന്റെ സുഹൃത്തുക്കളായ കാർത്തികേയനും, ടി. എസ്. ജോണും ബാർ ലൈസൻസ് 400 മീറ്ററിനകത്ത് കൊടുക്കുന്നതിനെ എതിർത്തു സംസാരിച്ചു. സഭയിലെ മുഴുവൻ അംഗങ്ങളുടേയും വികാരം കണക്കിലെടുത്ത് 400 മീറ്ററിനകത്ത് ബാർ ലൈസൻസ് കൊടുക്കരുതെന്ന ഒരു ഓർഡർ ഇറക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഇനിയെങ്കിലും തയ്യാറാകുമോ?

ശ്രീ. എൻ. ശ്രീനിവാസൻ: തയ്യാറായികഴിഞ്ഞു. നിയമം മാറ്റാനായിട്ടുള്ള ഭേദഗതി ലാ ഡിപ്പാർട്ടുമെന്റിനെ അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ്: നിയമമായി കഴിഞ്ഞു എന്നു പറഞ്ഞതിൽ സന്തോഷം ഉണ്ട്. പെട്ടിക്കടകളിലെല്ലാം വ്യാപകമായിട്ട് നടക്കുന്ന മദ്യവിൽപ്പന തടയാൻ നടപടി എടുത്തു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷേ അത് ഫലപ്രദമല്ല. ഒരിടത്തും നടപടി ശരിയായി നടക്കുന്നില്ല. അതുകൊണ്ട് ഈ ചർച്ചയുടെ വെളിച്ചത്തിലെങ്കിലും കർക്കശമായ നടപടി എടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. എൻ. ശ്രീനിവാസൻ: മെക്കാളെ ഇന്ത്യൻ പീനൽകോഡ് ഉണ്ടാക്കിയിട്ട് കൊല്ലങ്ങളേറെയായി. കോടതിയുണ്ട് ശിക്ഷിക്കാൻ, ശിക്ഷിക്കുന്നുമുണ്ട്. ഇന്നും കുറ്റം. നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. എ.വി. താമരാക്ഷൻ: പത്തുവർഷംകൊണ്ട് കേരളത്തിൽ മദ്യനിരോധനം പൂർണ്ണമായി നടപ്പിലാക്കാൻ ലെയ്സൺ കമ്മിറ്റി കൂടി തീരുമാനിച്ചതായി പത്രത്തിൽ വാർത്തയുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് ഈ വർഷം നടപ്പിലാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. എൻ. ശ്രീനിവാസൻ: അതാണ് ഞാൻ നേരത്തേ പറഞ്ഞത്. അങ്ങനെ തീരുമാനം ആയിട്ടില്ല. അതിന്റെ നാനാവശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യാൻ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: മാള മണ്ഡലത്തിൽ പുത്തൻചിറ പള്ളിയുടെ 400 മീറ്ററിനകത്ത് അനധികൃതമായി ഒരു ഷോപ്പ് നടത്തുന്നുണ്ട്. ആറുമാസമായിട്ട് ആ ഷോപ്പിന്റെ മുമ്പിൽ സത്യാഗ്രഹവും സമരവും പിക്കറ്റിംഗും നടക്കുകയാണ്. ആ ഷോപ്പ് അവിടെനിന്ന് മാറ്റാൻ സത്വരനടപടികൾ സ്വീകരിക്കുമോ?

ശ്രീ. എൻ. ശ്രീനിവാസൻ: സ്പെഷ്യൽ പെർമിറ്റോടുകൂടിയാണോ അല്ലയോ അത് നടത്തുന്നതെന്ന് നിശ്ചയമില്ല. ഇതിനെക്കുറിച്ച് പരാതി തന്നാൽ അന്വേഷിച്ച് വേണ്ടത് ചെയ്യാം.

V. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 1983–ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്) സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1983–ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) Sir, I second it.

ശ്രീ. ടി.എം. ജേക്കബ്: സർ, ഇതിനെക്കുറിച്ച് കൂടുതലായി ഒന്നും പറയാനില്ല. പുതിയ കോളേജുകൾക്കും കോഴ്സുകൾക്കും വേണ്ടിയുള്ള അപേക്ഷകൾ സിൻഡിക്കേറ്റ് പരിഗണിക്കുന്നതിനുള്ള സമയപരിധി നീട്ടികൊടുക്കാൻ ചാൻസിലറെ അധികാരപ്പെടുത്തു

LIBRARY ARCHIVES Kerala Legislative Assembly